സംസ്ഥാനത്തെ വരൾച്ചബാധിത മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

29 [3616] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ 5 കൊല്ലങ്ങളായി ലഭിച്ച വാർഷിക വർഷപാതം എത്ര വീതമാണെന്ന് അറിയിക്കാമോ; പ്രസ്തുത കാലയളവിൽ ഏതെല്ലാം വർഷങ്ങളിലാണ് സംസ്ഥാന ശരാശരി വർഷപാതത്തേക്കാൾ കുറവ് വന്നത്;

(ബി) സംസ്ഥാനത്തെ വരൾച്ചബാധിത മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഈ മാനദണ്ഡങ്ങൾവച്ച് കേരളത്തിലെ എത്ര ജില്ലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതുമൂലം എത്ര ലക്ഷം ആളുകൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തത്തിലുള്ള വാർഷിക വർഷപാതം സംബന്ധിച്ച കണക്കുകൾ ഈ വകുപ്പിൽ ലഭ്യമല്ല. ജില്ല തിരിച്ചുള്ള ലഭ്യമായ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്†. ഇതിൽനിന്നും 1999—2003 കാലയളവിൽ ഭൂരിപക്ഷം ജില്ലകളിലും കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ലഭിച്ച വർഷപാതം സാധാരണ ലഭിക്കുന്നതിനേക്കാൾ കുറവായിരുന്നെന്നു കാണുന്നു.

(ബി) രൂക്ഷമായ വരൾച്ച, കുടിവെള്ളക്ഷാമം, ഭക്ഷ്യക്ഷാമം എന്നിവ ഉണ്ടാകുമ്പോൾ 1965-ലെ Kerala Famine Relief Rule പ്രകാരം ലാന്റ് റവന്യൂ കമ്മിഷണർ ഒരു പ്രദേശത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നു. ഈ കഴിഞ്ഞ വരൾച്ചയിൽ സംസ്ഥാനത്തെ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളെ പൂർണ്ണ വരൾച്ച ബാധിത ജില്ലകളായും കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ ചില ഭാഗങ്ങൾ വരൾച്ച ബാധിത പ്രദേശമായും റവന്യൂ വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്ത് 14 ജില്ലകളിലും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരൾച്ചാ ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(സി) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് 1,787 കോടി രൂപയാണ് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. ഇത്രയും തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. 43 ലക്ഷത്തോളം പേർക്ക് അന്തിമമായി പദ്ധതിയുടെ പ്രയോജനം ലഭിക്കും.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly